ഗവ: ഹൈസ്കൂൾ ചെമ്പകപ്പാറ

# ദ്യുതി



## ലിറ്റിൽ കൈറ്റ്സ് 2018 -19

PosterMyWall.com

പ്രാർത്ഥനയോടെ

നന്മയാകുന്ന കാന്തികാണുവാൻ

കണ്ണിനാകേണമേ

നല്ലവാക്കിന്റെ ശീലുചൊല്ലുവാൻ

നാവീനാകേണമേ

സ്നേഹമാകുന്ന ഗീതമോ എന്റെ

കാതിനിണയാകണേ

സത്യമെന്നുള്ള ശീലമോടെന്നെ ശാന്തി

അറിയേണമേ

ഭൂമി അമ്മയെന്നറിയുവാനുള്ള

ബോധമുണ്ടാക്കണേ

PosterMyWall.com

# ആമുഖം

ചെമ്പകപ്പാറ എന്ന കുടിയേറ്റ ഗ്രാമത്തിന് അക്ഷരവെളിച്ചം പകർന്നുകൊണ്ട് തല ഉയർത്തി നിൽക്കുന്ന ജി എച്ച് എസ്സ് ചെമ്പകപ്പാറ അതിന്റെ സുവർണ ജൂബിലിയോട് അടുക്കുന്ന ഘട്ടത്തിലാണ് ഈ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നത് .കഴിഞ്ഞ രണ്ട് വർഷക്കാലമായി സ്കൂളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഏറ്റവും മഹത്തരമായ സൃഷ്ടിയാണ് ഈ ഡിജിറ്റൽ മാഗസിൻ.കുട്ടികളുടെ സൃഷ്ടികൾ പ്രസിദ്ധീകരിക്കാൻ കൈറ്റ്സ് നൽകിയ ഈ അവസരം സന്തോഷത്തോടെ

പ്രയോജനപ്പെടുത്തുന്നു .ഒപ്പം സർക്കാരിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു .

PosterMyWall.com

## From the Desk of headmistress




PosterMyWall.com

## From the Desk of Little Kites Mistress

സർക്കാരിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടന്നുകൊണ്ടിരിക്കുന്ന വിദ്യാഭാസ മേഖലയിലെ ഡിജിറ്റൽ വിപ്ലവത്തെ ശക്തിപ്പെടുത്തുന്നതാണ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ .ഈ ഡിജിറ്റൽ വിപ്ലവത്തെ കുട്ടികൾ വളരെ ആവേശത്തോടെയാണ് സ്വീകരിച്ചിരുന്നത്.പ്രളയത്തെ തുടർന്നുണ്ടായ അനിശ്ചിതാവസ്ഥ യൂണിറ്റിന്റെ പ്രവർത്തനങ്ങളെ ബാധിക്കാതെ മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞത് കുട്ടികളുടെ ആവേശവും കൈറ്റിന്റെ കൃത്യമായ പ്ലാനിങ്ങും ഇടപെടലുകളുമാണ് .പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾ കൈറ്റിന്റെ പ്രവർത്തനങ്ങളിൽ ആവേശത്തോടെ പങ്കെടുക്കുന്നതും അത് അവരുടെ സ്വഭാവത്തിൽ തന്നെ നല്ല മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞതും സന്തോഷത്തോടെ പങ്കുവെക്കട്ടെ .ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു .

ഗ്രീന ദാമോദരൻ
അമ്പിളി ജി

PosterMyWall.com

സുഹൃത്തുക്കളെ

കഴിഞ്ഞ രണ്ട്
വർഷമായി പ്രവർത്തിച്ചു
വരുന്ന ലിറ്റിൽ കൈറ്റ്സ്
യൂണിറ്റിന്റെ സ്റ്റുഡന്റ്
എഡിറ്റർ ആയി
പ്രവർത്തിക്കാൻ
സാധിച്ചതിൽ ഞാൻ ഏറെ
സന്തോഷിക്കുന്നു.
ഒപ്പം അഭിമാനിക്കുന്നു .
ഞങ്ങളുടെ ഈ ചെറിയ ഉദ്യമം
നിങ്ങൾക്കുമുന്നിൽ
സമർപ്പിക്കുന്നു

**Student Editor**
**Sanu Saji**

PosterMyWall.com

ആശംസകൾ

ഇടുക്കി ജില്ലയിലെ
ഉടുമ്പൻചോലതാലൂക്കിൽ  ഇരട്ടയാർ
പഞ്ചായത്തിൽ ഒന്നാം  വാർഡിലാണ്
ഗവ:ഹൈസ്കൂൾ  ചെമ്പകപ്പാറ
സ്ഥിതിചെയ്യുന്നത്.1954 -55
കാലഘട്ടത്തിലാണ് ഈ
പ്രദേശത്ത് കുടിയേറ്റം ആരംഭിച്ചത്.
കുട്ടികൾക്ക് അടിസ്ഥാന വിദ്യാഭാസം
നടത്തുന്നതിന് സൗകര്യം
ഇല്ലാതിരുന്നതിനാൽ നാട്ടുകാരുടെ
പരിശ്രമത്തിൽ ആരംഭിച്ച
കുടിപ്പള്ളിക്കൂടമാണ് ഇന്ന് ജി  എച്ച്
എസ് ചെമ്പകപ്പാറ എന്ന പേരിൽ
നാടിനഭിമാനമായി തലയുയർത്തി
നിൽക്കുന്ന ഈ വിദ്യാലയം. കുട്ടികളുടെ
ഈ ഡിജിറ്റൽമാഗസിന് എല്ലാവിധ
ആശംസകളും  നേരുന്നു .
ശ്രീമതി പുഷ്പ ജോസ്  മാത്യു

PosterMyWall.com

കിരണങ്ങളിലൂടെ

ബാല്യം

സ്വാതന്ത്ര്യം തന്നെ അമൃതം

പപ്പടം

മൊബൈൽ ഫോണിന്റെ ചരിത്രം
ഗണിത സുന്ദരിയെ ഇരുത്തിയ
വധുവിന്റെ കസേര

മെമ്മറി ടിക്സ

आवारा मुसाफ़िर

**Flood and after the flood**

**Little Kites**

വരയുടെ ലോകം

PosterMyWall.com

ബാല്യം

ബാല്യത്തിൽ ഇടറിവീണ
നാട്ടു വഴികളിലൂടെ
വീണ്ടും നടക്കുമ്പോൾ
കണ്ണിമാവിൻ
കൊമ്പിലിരുന്നു
കാവതികാക്ക ഉറക്കെ
പറയുന്നുണ്ടായിരുന്നു

ബാല്യത്തിന്റെനന്മയും
നിഷ്കളങ്കതയും
നിറഞ്ഞയെൻ
കുട്ടികാലത്തെ കുറിച്ച്

**Jibiya K Binu**
**XB**

PosterMyWall.com

സ്വാതന്ത്ര്യം തന്നെ അമൃതം
ഒരിക്കൽ ഒരു വളർത്തുനായ ഒരു
ചെന്നായിയെ കണ്ടു മുട്ടി നായ ചെന്നായോട്
ചോദിച്ചു എന്റെ ചെന്നായ്, എന്നെ പോലെ
കൃത്യമായി ജോലിചെയ്യുളുടെ നിനക്കും?
എങ്കിൽ നിനക്ക് നേരത്തിനു ഭക്ഷണം
കിട്ടും.
ചെന്നായ് ചോദിച്ചു "ഞാൻ
തയ്യാറാണ്.പക്ഷെ ജോലി എവിടെ
കിട്ടും?""അത് ഞാൻ ശരിയാക്കി തരാം. എന്റെ
യജമാനന്റെ അടുക്കലേക്ക് പോകാം. എന്റെ
ജോലി നമ്മുക്ക് പങ്കിടാം" വളർത്തു നായ ഏറ്റു.
അങ്ങനെ അവരിരുവരും പട്ടണത്തിലേക്ക്
യാത്രയായി. വളർത്തുനായയുടെ കഴുത്തിലെ ചില
ഭാഗത്ത് രോമം കുറവാണ് എന്നു
മനസ്സിലാക്കിയ ചെന്നായ അതിന്റെ
കാരണം തിരക്കി.
"ഓ അതോ , രാത്രിയിൽ എന്നെ
കെട്ടിയിടാനുപയോഗിക്കുന്ന ചങ്ങല
പതിഞ്ഞുണ്ടായ പാടാണവിടം. വളർത്തു നായ
നിസ്സാരമട്ടിൽ പറഞ്ഞു.
"ചെന്നായ് പറഞ്ഞു തടിച്ച് കൊഴുത്ത്
അടിമയായിരിക്കുന്നതിനേക്കാൾ നല്ലത്
പട്ടിണി കിടന്നിട്ടാണെങ്കിലും
സ്വതന്ത്രനായിരിക്കുന്നതാണ് അത് കൊണ്ട്
ഞാൻ പോകുന്നു ചെന്നായ് കാട്ടിലേക്ക് ഓടി
മറഞ്ഞു

**Amrutha Santhosh**
**Class VIII A**

PosterMyWall.com

പപ്പടം
അമ്മിണികുഞ്ഞിനു തിന്നാനായി

പപ്പടമൊന്നു കൊടുത്തമ്മ

കടിച്ചു പൊട്ടിച്ചു തിന്നുന്നല്ലോ

പപ്പടമങ്ങനെ തിന്നുന്നല്ലോ

പറന്നുവന്നൊരു കാക്കക്കുഞ്ഞിനും

പപ്പടം തിന്നാൻ കൊതിയായി

വഴക്കയ്യിന്നിലമേലെ കുത്തിയിരുന്നവൾ

കാ കാ കാറി ചിറകുവിടർത്തി

കാറിട്ടങ്ങനെ പപ്പടമൊരു തുണ്ടു
ചോദിച്ചു
അമ്മിണിക്കുഞ്ഞു കൊടുത്തല്ലോ
പപ്പടം
പാതി എറിഞ്ഞു കൊടുത്തല്ലോ

കാക്കകുഞ്ഞുങ്ങൾ പറന്നു വന്ന്

പപ്പടം കൊത്തി പാഞ്ഞല്ലോ
**Aryamol Nj Std VII**

PosterMyWall.com

.....മൊബൈൽ ഫോണിന്റെ ചരിത്രം.......

ആധുനികതയുടെ പര്യായമാണ് മൊബൈൽ ഫോണുകൾ. മൊബൈൽ കേന്ദ്രീകൃത ജീവിതമാണ് ഇന്ന് എന്നുതന്നെ വിശേഷിപ്പിക്കാം.മൊബൈൽ ഫോണിന്റെ ചരിത്രം അതുകൊണ്ടുതന്നെ ഇന്ന് പ്രസക്തമാണ്. അതിലേക്ക് ഒന്നു കണ്ണോടിക്കാം. **1908** ഇൽ പ്രൊഫ. ആൽബർട്ട് ജോൺക് ഉം ഓക്ക് ലാന്റ് **Transcontinental Areal Telephone and Power Company yum** ചേർന്നു ഒരു വയർലെസ്സ് ടെലഫോൺ ഉണ്ടാക്കി.**1918**- ഇൽ ജർമൻ റോഡ് ആൻഡ് റെയിൽ സിസ്റ്റം മിലിറ്ററി ട്രെയിനിൽ വയർലെസ്സ് ടെലഫോൺ ഉണ്ടാക്കി.**1924** ആയപ്പോൾ ഇത് പൊതു ട്രെയിനുകളിൽ നിലവിൽ വന്നു.**1940** ആയപ്പോൾ പൊതു ഉപഭോക്താക്കൾക്കായി. മൊബൈൽ ടെലഫോൺ തുടങ്ങി.**1949** ഇല് മൊബൈൽ ടെലഫോൺ വാണിജ്യവക്കരിച്ച് . **1961** ആയപ്പോൾ ആദ്യ കയ്യിൽ ഒതുങ്ങുന്ന മൊബൈൽ ടെലഫോൺ നിലവിൽ വന്നു. **70** ഗ്രാം ആയിരുന്നു ഇതിന് ഭാരം. ബെൽ സിസ്റ്റം മൊബൈൽ ഫോൺ ആണ് **0** ജനറേഷൻ മൊബൈൽ ഫോൺ. ആയി കണക്കാക്കുന്നത്. മോട്ടോറോള കമ്പനിയിലെ മാർട്ടിൻ കൂപ്പർ ആണ് ഒന്നാം തലമുറ മൊബൈൽ ഫോണിന്റെ നിർമാതാവ്. **2** കിലോ ആയിരുന്നു ഇതിനെ ഭാരം. ഒന്നാം തലമുറ അനലോഗ് മൊബൈൽ **1971** ഇല് നിപ്പൊണ് ടെലഗ്രാഫ് ആൻഡ് ടെലഫോൺ ആണ് അവതരിപ്പിച്ചത്. **1981** ല് ഫിൻലൻഡ് ആസ്ഥാനമായ കമ്പനി മൊബൈൽ ഫോൺ നിർമനതിലെക്കു കടന്നു. **1985** ല് അദ്യ വാണിജ്യ മൊബൈൽ ഫോൺ **Dyna TAC 8000 X** പുറത്തിറങ്ങി.**1991 lu. Finland** ആസ്ഥാനമായ കമ്പനി **GSM** അധിഷ്ഠിത രണ്ടാം തലമുറ മൊബൈൽ പുറത്തിറക്കി. പാട്ടുകൾ കേൾക്കാനും വീഡിയോ കാണാനും ഫോട്ടോ എടുക്കാനും കഴിയുന്ന തരത്തിലുള്ള ഫോണുകൾ ആയിരുന്നു അവ.**2001** ആയപ്പോൾ ജപ്പാനിലെ **NTI DoCoMo** എന്ന കമ്പനി **WCDMA** അധിഷ്ഠിത മൂന്നാം തലുറയിലെ ഫോണുകൾ പുറത്തിറക്കി. പിന്നീട് ഇത് **3.5 G , 3G+** ഇവക്ക് വഴിമാറി. **2009** മുതൽ **2012** വരെയുള്ള കാലയളവിൽ നാലാം തലുറയിലെ ഫോണുകൾ വിപണിയിൽ അവതരിപ്പിച്ചു. ഇത് സ്പ്രിന്റ് , **LTE** സാങ്കേതികതയിൽ അധിഷ്ഠിതമാണ്. ഇന്ന് നാം കാണുന്ന തരത്തിലുള്ള ഫോണുകൾ നാലാം തലമുറയിലെ താണ്. വളരെ അടുത്ത കാലത്ത് തന്നെ **5**അം തലമുറ മൊബൈൽ ഫോൺ നമ്മുടെ കൈകളിൽ എത്തും

. **Akshai Suresh Class VIII B**

PosterMyWall.com

ഗണിത സുന്ദരിയെ ഇരുത്തിയ വധുവിന്റെ കസേര

ഗണിതവും വധുവിന്റെ കസേരയും തമ്മിൽ എന്ത് ബന്ധം ? അത്ഭുതം തോന്നുന്നു അല്ലേ . ഗണിത പഠനത്തിൽ അവിഭാജ്യ ഘടകമായാ നമ്മുടെ പ്രിയപ്പെട്ട പൈതഗോറസ് സിദ്ധാന്തത്തിന്റെ അപരനാമമാണ് ഇത്. ഇത്.ജ്യാമിതിയുടെ പിതാവായ യൂക്ലിഡ് പൈഥഗോറസ് സിദ്ധാന്തത്തിന് നൽകിയ തെളിവിൻ്റെ ചിത്രത്തിൽ നിന്നാണ് ഇങ്ങനെ ഒരു പേര് ലഭിച്ചത്.

പണ്ട് കാലത്ത് വധുവിനെ കസേരയിൽ ഇരുത്തി ഒരു അടിമ ചുമന്നു കൊണ്ട് പോകാറുണ്ടായിരുന്നു. യൂക്ളിഡിന്റെ ചിത്രത്തിൽ ഒരാളുടെ മുതുകത്ത് കസേര വച്ചതിന്റെ പ്രതീതി ജനിപ്പിച്ചിരുന്നു .ഇക്കാരണത്താലാണ് പൈതഗോറസ് സിദ്ധാന്തം വധുവിന്റെ കസേര എന്ന് അപരനാമത്തിൽ അറിയപ്പെടുന്നത്. അറബികൾ ഈ ചിത്രത്തിന് 'വധുവിന്റെ ചിത്രം'എന്ന് വിളിച്ചിരുന്നു. കറികൾക്ക് ഉപ്പ് പോലെയാണ് ഗണിതപഠനത്തിൽ പൈതഗോറസ് സിദ്ധത്തിന്റെ സ്ഥാനം. വൃത്തം, ത്രികോണം, ചതുരം, പഞ്ചഭുജം തുടങ്ങി വിവിധ ജാമ്യത്തിയ രൂപങ്ങളെ കുറിച്ചും പഠനത്തിൽ പൈതഗോറസ് സിദ്ധാന്തം അവിഭാജ്യ ഘടകമാണ്. വധുവിന്റെ കസേര എന്ന അപരനാമത്തിൽ അറിയപ്പെടുന്ന പൈതഗോറസ് സിദ്ധാന്തം ഗണിതത്തെ ഇറുത്തുവാൻ തക്ക പ്രൗഢ ഗംഭീരമായ സിംഹസനമാണ് .

PosterMyWall.com

# മമെമ്മറി ടറികസ (Social science)

## നാബ വളകൾ

| | |
|---|---|
| ഗഗഗോ | ഗഗഗോതമ |
| ബഗേ | ബഗോർലല |
| ലല | ലലൻസഡമ |
| ക | കടുകമ |
| പുകയലല | പുകയലല |

## ഉത്തരായന രരഖ കടന്നുരപാകുന്ന സംസ്ഥാനങ്ങൾ

| | |
|---|---|
| രഗേ | രാജസ്ഥാൻ |
| മ | മധ്യപ്രദേശ |
| ജഗേ | ജാർഖണമ |
| പ | പഞ്ചാബ |
| മല | മലഗസറാറ |
| ഗു | ഗുജറാത |
| ഛര | ഛരതീസഗഢ |
| ത | തലപുര |

## ഡറാമുകളും നദിയും,

| | |
|---|---|
| സ ഭ | സതലജ ,ഭകാനകൽ |
| ഹല മ | ഹലരാക്കുഡമ ,മഹാനദേ |

Krishna Manoj Class IXB

आवारा मुसाफ़िर

-----------

घर से निकला
किसी ओर चलना है।
पर, मुसाफ़िर रास्ता खो गया l
अनजान चक्कर में पडकर
साँस ली|
हवा !! मै चलूँ इधर से
खडा रहना पसंद नही|
मै आवारा मुसाफ़िर हूँ|

Niranjana Ramesh Class XB

PosterMyWall.com

## Flood and after the Flood

-----------------------

The flood gave us calamities
It sensed the taste of poverty
More over it taught the value of
unity
And provided boundless
fraternity

After the flood ;
We forgot everything
The days of mishap
The days of misery,
The days of self sacrifice ,
The days of love,
The days of unity ,
The days of innovation
The days that we were human.

Nirupama Ramesh
STD 8 B

PosterMyWall.com

Little Kites

Little boys and little girls
Do you like to fly?
Yes we do; yes we do
Fly faster and farther than rockets
do

Little boys and little girls
Little Kites will take you high
God's own country's Little Kites
Helps its angels flap and fly

Little boys and little girls
Plumes of your wings are technology
Kite does teach you technology
And IT skills thrill you as you fly.

Little boys and little girls
In the dancing wind of technology
Little Kites with you guys
Fly as high as the peak of sky.

Anaswara Rajan
IXB

PosterMyWall.com




# Art by Francis George
# VIII A

PosterMyWall.com




# Art by abin Binu
# VIII B

PosterMyWall.com




**Art by**
**Adarsh Biju**
**VII A**

PosterMyWall.com

# LITTLE KITES MEMBERS



PosterMyWall.com

# LITTLE KITE MEMBERS













PosterMyWall.com

നന്ദി

ഞങ്ങളുടെ മാഗസിന്
വേണ്ട സാങ്കേതിക
സഹായങ്ങൾ
ചെയ്തു തന്ന
സുമനസുകൾക്കും
ലിറ്റിൽ കൈറ്റ്സ്
കുടുംബാംഗങ്ങളുടെ
പ്രത്യേക നന്ദി
അറിയിക്കുന്നു

ലിറ്റിൽ കൈറ്റ്സ്
മെംബേർസ്

PosterMyWall.com